(ഇ) കരാറിൽ തമിഴ്നാടിന് എടുക്കാവുന്ന ജലം കൃത്യമായി പറയാതെ കേരളത്തിനവകാശപ്പെട്ട ജലം മാത്രം പറഞ്ഞിട്ടുള്ളതിനാൽ തമിഴ്നാടിന്റെ അവകാശം എത്രയാണെന്ന് പറയാൻ കഴിയില്ല. വിഭജിക്കാത്ത ജലത്തിനെപ്പറ്റി കരാറിൽ പ്രതിപാദിച്ചിട്ടില്ല.

ശിരുവാണി ഡാമിൽ നിന്ന് തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ്

87 [5231] ശ്രീ. സി. പി. മുഹമ്മദ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, ജോർജ്ജ് ജെ. മാത്യു:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി ഡാമിൽനിന്ന് വെള്ളം തമിഴ്നാട് എവിടേക്കാണ് കൊണ്ടു പോകുന്നത്;

(ബി) ഈ വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അത് ഏർപ്പെടുത്തേണ്ടത് എപ്രകാരമാണ്;

(ഡി) അത് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്നാണ്;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ശിരുവാണി ഡാമിൽ നിന്ന് എന്നുമുതലാണ് തമിഴ്നാട് വെള്ളം കൊണ്ടു പോകുന്നത്;

(എച്ച്) അതിന്റെ അളവ് തിട്ടപ്പെടുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശിരുവാണി ഡാമിൽ നിന്നും കോയമ്പത്തൂരിലെ ശുദ്ധജലവിതരണത്തിനായി അടിവാരത്തുള്ള ഫിൽട്ടർ പ്ലാന്റിലേക്കാണ് തമിഴ്നാട് വെള്ളം കൊണ്ടു പോകുന്നത്.

(ബി, സി) ഉണ്ട്. ഫിൽറ്റർ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള വി-ഗോച്ച് മുഖാന്തിരമായിട്ടാണ് വെള്ളം അളക്കുന്നത്.

ഡാമിൽനിന്നും വെള്ളം കൊണ്ടുപോകുന്ന ടണൽ അവസാനിക്കുന്ന ഭാഗത്ത് ഒരു വി-ഗോച്ച് കൂടി ഏർപ്പെടുത്തി അളവ് എടുക്കുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ഈ സ്ഥലം തമിഴ്നാട്ടിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) ടണൽ അവസാനിക്കുന്ന ഭാഗം തമിഴ്നാട്ടിലായതിനാൽ ഈ കാര്യം തമിഴ്നാട് അധികൃതരുമായി ബന്ധപ്പെട്ട ജോയിന്റ് കൺട്രോൾ ബോർഡ് മീറ്റിംഗിൽ ഉന്നയിച്ചിട്ടുണ്ട്. 1995-ൽ VII-ാമത് ഒരു സി.ബി. മീറ്റിംഗിൽ ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) 1984 മുതലാണ് തമിഴ്നാട് ശിരുവാണി ഡാമിൽനിന്നും വെള്ളം കൊണ്ടു പോകുന്നത്.

(എച്ച്) ജലത്തിന്റെ അളവെടുക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

തമിഴ്നാട് അർഹമായ ജലത്തിൽ കൂടുതൽ കടത്തിക്കൊണ്ടു പോകുന്ന കാര്യം

88 [5232] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ തമിഴ്നാട് അർഹമായ ജലത്തിൽ കൂടുതൽ കടത്തിക്കൊണ്ടുപോകുന്നുണ്ടോ;

(ബി) എങ്കിൽ അക്കാര്യം എപ്പോൾ മുതൽ മനസ്സിലാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള-തമിഴ്നാട് അതിർത്തിയിലെ തടയണകൾ

89 [5233] ശ്രീ. പി. എസ്. സുപാൽ:
„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-തമിഴ്നാട് അതിർത്തിയിലെ പ്രദേശങ്ങളിൽ കേരളത്തിനുള്ള വെള്ളം ശേഖരിക്കുന്നതിന് തടയണകൾ നിർമ്മിച്ചിട്ടുണ്ടോ; ഇതിൽ കോൺക്രീറ്റ് തടയണകൾ നിർമ്മിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ തടയണകൾ നിർമ്മിച്ച് കേരളത്തിനർഹതപ്പെട്ട ജലം തടഞ്ഞിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly